# കണ്ണൂർ ജില്ലാ പഞ്ചായത്ത്

# ഡയറ്റ് കണ്ണൂർ

## എസ് എസ് എൽ.സി  മുകുളം മാതൃകാപരീക്ഷ –2018

ക്ലാസ് 10 **മലയാളം –അടിസ്ഥാനപാഠാവലി**

സമയം:1½മണിക്കൂർ
ആകെ സ്കോർ: 40

---

**നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനുട്ട് സമാശ്വാസ സമയമാണ്
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചതിനു ശേഷം ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ  സമയവും സ്കോറും പരിഗണിക്കണം

---

1. ‘‘നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു’’ – ഇങ്ങനെ ചിന്തിക്കാനുള്ള പ്രേരണ?
   a) നെല്ലുസംഭരിക്കാനുള്ള ആർത്തി
   b) ജോലിക്ക് പോകാനുള്ള മടി
   c) അനീതിയോടുള്ള അമർഷം
   d) നല്ല സാമ്പത്തികശേഷി (1)

2. ചുവടെ കൊടുത്തവയിൽ ശരിയായ വിഗ്രഹാർത്ഥം ഏത്?

   a) കരിയില – കരിയുള്ള ഇല
   b) എട്ടുപത്ത് – എട്ടും പത്തും
   c) നാലില – നാല് ഇല
   d) മാമ്പൂക്കുല – മാമ്പൂവാകുന്ന കുല (1)

3. ‘‘ പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം ,അച്ചടിച്ചതു കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.’’ –ഈ പ്രസ്താവനയിൽ തെളിയുന്നഭാവം?

   a) പരിഹാസം
   b) കോപം
   c) വെറുപ്പ്
   d) ആദരവ് (1)

4. ചുവടെ ചേർക്കുന്നവയിൽ ഉപേക്ഷിക്കാനാവാത്ത എന്നർത്ഥം വരുന്ന വാക്ക്
   a) അനുസൃതം
   b) അവിഭക്തം
   c) അപരിത്യാജ്യം
   d) അസഹ്യം (1)

e)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (4x2=8)**

5. ''പൊക്കിളിൻ വള്ളി–
യടർത്തിക്കളഞ്ഞുനിൻ
പൊൽക്കരൾക്കൂട്ടിന്റെ–
യുള്ളിൽ വന്നപ്പൊഴേ''
(അമ്മയുടെ എഴുത്തുകൾ)
– ഈ വരികൾ നൽകുന്ന രണ്ട് അർഥസൂചനകൾ കുറിക്കുക.

6. ''മകനെ മൂട് മറക്കരുത്....'' അമ്മ മത്തായിയോട് ഇങ്ങനെ പറയുന്നതിന്റെ പൊരുളെന്ത്?

7. ''അന്നത്തെ <u>സൂചിപ്രയോഗത്തിൻ നീറ്റൽപോ–</u>
ലൊന്നു മനസ്സിലൂടപ്പോൾ കടന്നുപോയ്''–
അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവപ്പൊലിമ കണ്ടെത്തിയെഴുതുക.

8. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക
പത്രം അസത്യമാണെന്നറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുന്നു. അത് സത്യമായി തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

9. മൂന്നു പതിറ്റാണ്ടായി <u>നൂലുകോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ</u> കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നതു മത്തായി ശ്രദ്ധിച്ചു. (പണയം)
– അടിവരയിട്ട പ്രയോഗം നൽകുന്ന സവിശേഷാർത്ഥമെന്ത്?

**10 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (4x4=16)**

10. ''അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി.
കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച. അവിടെങ്ങും നെല്ല്
കണികാണാനില്ല!ഒള്ളോൻ വെളീ കാണിക്കത്തില്ല'' .

– ഒരു കാലഘട്ടത്തിന്റെ സാമൂഹികാവസ്ഥ ചിത്രീകരിക്കുവാൻ ഈ പ്രസ്താവന എത്രമാത്രം സഹായമാകുന്നുണ്ട്. വിശകലനക്കുറിപ്പ് തയാറാക്കുക.

11. ''തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാപ്പാഠം
വിട്ടുപോകില്ല നിന്നെയന്ത്യകാലത്തോളവും''
(ഉള്ളൂർ)
–മാതൃത്വം നൽകുന്ന ഈ അനുഭവം 'അമ്മത്തൊട്ടി'ലിലെ നായകനെയും സ്വാധീനിക്കുന്നില്ലേ? – പ്രതികരണക്കുറിപ്പ് തയാറാക്കുക.

12. ''ചുറ്റുപാടും നിരവധിയാളുകൾ ഉണ്ടായിരുന്നിട്ടും
പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ
അയാളെ വലയം ചെയ്തു''. പണയം (കഥ)
– റേഡിയോ പണയത്തിലായ ശേഷമുള്ള ചാക്കുണ്ണിയുടെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ പ്രയോഗത്തിനു സാധിക്കുന്നുണ്ടോ? കഥാസന്ദർഭം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

13. ''ഓരോന്നിനോരോ മൊഴിച്ചന്ത,മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കുമാത്രം തരാൻ കഴിയുന്നതാം

വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും''

– അമ്മേ, മാതൃഭാഷയും കുടിയാകുന്ന കാവ്യാനുഭവം 'അമ്മയുടെ എഴുത്തുകൾ'എന്ന കവിത നൽകുന്നുണ്ടോ? കവിതയിലെ ആശയം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

14. ''നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്.
നീ തിന്നാലെ ഞാൻ തിന്നുകൊള്ളൂ''– (കോഴിയും കിഴവിയും)

''പച്ചമാങ്ങ അൽപ്പം ഉപ്പുചേർത്ത് കറുമുറാ ചവച്ചുതിന്നാൽ,
കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട്
അണകൾ കോച്ചിപ്പോകും.'' (കൊച്ചുചക്കരച്ചി)

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിനുമാത്രം ഉത്തരമെഴുതുക. (2x6=12)**

15. ''ശ്രീനാരായണഗുരുവാകട്ടെ,ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിന്റെ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി''
–കുറ്റിപ്പുഴയുടെ പ്രസ്താവനയും ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും മുൻനിർത്തി 'ഗുരു മാറ്റത്തിന്റെ പ്രവാചകൻ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയാറാക്കുക.

16. '' കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു
ചെന്നിരിക്കും.കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന
വിശ്വാസമാണോ,അതോ, വീണു പൂമുഖവും അറയും
തകർക്കുന്നെങ്കിൽ അതോടെ താനും തകരട്ടെ
എന്ന വിചാരമാണോ അതിന്റെ പ്രേരകശക്തി എന്നറിയില്ല''

''പൊന്നിൻചിങ്ങം വന്നു പിറന്നുക–
രഞ്ഞു ചിരിച്ചുകുട,ഞ്ഞോണത്തിൽ–
മധുരക്കറി മണിവായിൽ തേച്ചതു
നൊട്ടിനുണച്ചു കളിക്കും കളി ക–
ണ്ടോണത്തപ്പൻ പൂത്തറമേൽ പന–
യോലക്കുടയും ചൂടിയിരിക്കെ''

- പ്രകൃതിയുമായി ബന്ധപ്പെട്ട ആഘോഷങ്ങളും വിശ്വാസങ്ങളുമാണ് 'കൊച്ചുചക്കരച്ചി', 'ഓണമുറ്റത്ത്' എന്നീ പാഠങ്ങളിൽ ആവിഷ്കരിക്കുന്നത്.ഇത്തരം അനുഭവങ്ങളുടെ സമകാലികപ്രസക്തി വിശകലനം ചെയ്തു 'മാറുന്ന മലയാളിജീവിതം' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

17. 'കടമയും കരുതലും മറക്കാത്ത അമ്മമാരെയാണ് 'കോഴിയും കിഴവിയും' , 'അമ്മത്തൊട്ടിൽ ' എന്നീ രചനകളിൽ നാം കാണുന്നത്.

പ്രസ്താവനയുടെ വെളിച്ചത്തിൽ ഇരുകൃതികളിലെയും അമ്മക്കഥാപാത്രങ്ങളുടെ പ്രത്യേകതകൾ വിലയിരുത്തി കുറിപ്പു തയാറാക്കുക.